## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1524** **05.02.2019 ൽ മറുപടിയ്ക്ക്**

### തരിശിട്ടിരിക്കുന്ന ഭൂമിയും നികത്തപ്പെടുന്ന തണ്ണീർത്തടങ്ങളും

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിൽ കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ 2018 ഡിസംബർ 15-ാം തീയതിയാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്. ടി ചട്ടങ്ങൾ പ്രകാരം ആദ്യപടിയായി തരിശിട്ടിരിക്കുന്ന ഭൂമിയിൽ ഉടമസ്ഥരെ കൊണ്ട് തന്നെ കൃഷിയിറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. |
| ബി) | ഇതിനകം എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ; | ബി) | സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| സി) | പൊതു ആവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്ത് പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, പൊതു ആവശ്യത്തിനായി എത്ര ഹെക്ടർ നിലം നികത്തുന്നതിന് ഇതിനകം അനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ; | സി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി 15.14 ഹെക്ടർ സ്ഥലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>ടെക്നോപാർക്ക്- മൂന്നാം ഘട്ട വികസനം- 861.2 ആർ<br>ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട്- കൊച്ചി- 551.8 ആർ.<br>ഗെയിൽ എസ്.വി സ്റ്റേഷൻ, ഉണ്ണിക്കുളം, കോഴിക്കോട്- 60.69 ആർ.<br>ഗെയിൽ എസ്.വി സ്റ്റേഷൻ, പുത്തൂർ, കോഴിക്കോട്- 20.2 ആർ.<br>ഗെയിൽ എസ്.വി സ്റ്റേഷൻ, കോഡൂർ, മലപ്പുറം- 20.23 ആർ. |

| | | | |
|---|---|---|---|
| ഡി) | പൊതു ആവശ്യത്തിന് നികത്താം എന്നതിന്റെ അടിസ്ഥാനത്തിൽ ട്രസ്റ്റുകളോ മറ്റ് സ്ഥാപനങ്ങളോ ഭൂമി നികത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി നികത്തുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും അതിന്മേലുള്ള തീരുമാനം എന്താണെന്നും അറിയിക്കുമോ; | ഡി) | 2018- ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ Pancer Developers, LLP Golden Touch Jewels World LLP (Malabar Group) തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ വില്ലേജിൽ 4.26 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തി Pvt. IT Integrated Company സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കല്ലൂർ വടക്കുമുറി വില്ലേജിൽ 0.2819 ഹെക്ടർ നിലം കൊച്ചി- സേലം എൽ.പി.ജി പൈപ്പ് ലൈൻ പദ്ധതിക്ക് സെക്ഷനലൈസിംഗ് വാൽവ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊച്ചി- സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>Pvt. IT Integrated Company സ്ഥാപിക്കുന്നതിന് മലബാർ ഗ്രൂപ്പിന്റെ അപേക്ഷ നിരസിച്ചു കൊച്ചി- സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ അപേക്ഷയിന്മേൽ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| ഇ) | ഈ ഭേദഗതി നിയമം മൂലം നിലവിലുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഇ)) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് ഊർജ്ജസ്വലമായി നടപ്പിലാക്കി വരികയാണ്. 2020-21 വർഷത്തോടെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുന്ന തിനാണ് കൃഷിവകുപ്പ് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നത്. പരമാവധി തരിശു നിലങ്ങൾ പഞ്ചായത്തു തലത്തിൽ കണ്ടെത്തി കൃഷി പുനരാരംഭിക്കാനും ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളായും, ഇരുപ്പൂ നിലങ്ങൾ മൂന്നുപ്പൂ നിലങ്ങളായും മാറ്റാനും കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് ഘട്ടംഘട്ടമായി ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗപ്പെടുത്തി കെ.എസ്.ആർ.ഇ.സി യുടെ സഹകരണത്തോടെ കുറ്റമറ്റതാക്കാനുള്ള പദ്ധതിയും 2016-17 വർഷം മുതൽ കൃഷിവകുപ്പ് സ്വീകരിച്ചുവരികയാണ്. |

M ayap

**സെക്ഷൻ ഓഫീസർ**